Deivarajyam August 2019
●R.N.7623/63
Registered No. KL/ALY/0020/2017-2019 ●R.N. 7623/1963
Date of publication: 1/8/2019
●Posted at Thodupuzha Stg.
Annual Subscription ₹ 100.00



St. John Marie Vianney



St Clara



St Maximillian Kolbe



St Pius X




St Augustine



St Euphrasia

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ആഗസ്റ്റ് 2019 വാല്യം 58 ലക്കം 8

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



രൂപതാ ദിനം –2019 മൈലക്കൊമ്പ്











രൂപത പ്രാർത്ഥനാദിനം – വാഴക്കുളം





വിശ്വാസപരിശീലകരുടെ രൂപത കൺവെൻഷൻ

# ദൈവരാജ്യം



# ഉള്ളടക്കം


| | |
|---|---|
| 5 | തടവറപ്രേഷിതദിനം (സർക്കുലർ) |
| 11 | ജസ്റ്റീസ് സൺഡേ (സർക്കുലർ) |
| 14 | രൂപതക്കച്ചേരി |
| 17 | മൈനർ സെമിനാരി |
| 17 | വിജ്ഞാനഭവൻ |
| 19 | വിദ്യാഭ്യാസം |
| 20 | തിരുബാലസഖ്യം |
| 20 | ചെറുപുഷ്പ മിഷൻലീഗ് |
| 22 | കെ.സി.എസ്.എൽ. |
| 24 | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 27 | മാതൃവേദി |
| 28 | ഡി.എഫ്.സി. |
| 30 | യുവദീപ്തി |
| 31 | ജീസസ് യൂത്ത് |
| 31 | എ.കെ.സി.സി. |
| 33 | അല്മായ ഫ്രാൻസിസ്കൻ സഭ |
| 34 | പ്രാർത്ഥനാഗ്രൂപ്പ് |
| 34 | കേരള ലേബർ മൂവ്മെന്റ് |
| 36 | നെസ്റ്റ് പ്രോഗ്രാം |
| 36 | വാർത്തയും വിശേഷങ്ങളും |
| 37 | തിരുനാൾ മംഗളങ്ങൾ |
| 37 | രൂപതാദ്ധ്യക്ഷന്റെ ഡയറി |
| 40 | Bishop's Engagements |
| 41 | നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം |
| 41 | നിര്യാതരായി |



*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 58
ആഗസ്റ്റ് 2019
ലക്കം 8



The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com




## പള്ളിയിൽ അറിയിക്കുവാൻ

### ആഗസ്റ്റ്


| | Page |
|---|---|
| രൂപതാദിനാഘോഷം | 14 |
| രൂപതാ പ്രാർത്ഥനാദിനം | 14 |
| രൂപത കാര്യാലയ തീരുമാനങ്ങൾ | 16 |
| ദൈവശാസ്ത്ര കോഴ്സ് | 26 |


## തിരുനാളുകൾ


1 വി. അൽഫോൻസ് ലിഗോരി


4 വി. ജോൺ മരിയ വിയാനി


6 കർത്താവിന്റെ രൂപാന്തരീകരണം


8 വി. ഡൊമിനിക്


11 വി. ക്ലാര


14 വി. മാക്സിമില്യൻ കോൾബെ


15 പ. കന്യകാമറിയത്തിന്റെ സ്വർഗാരോപണം


21 വി. പത്താം പീയൂസ്


28 വി. അഗസ്റ്റിൻ


29 വി. എവുപ്രാസ്യാ

Ref: 3209/K-5/KCBC/OL/DS

## 2019 ആഗസ്റ്റ് 11 ഞായർ തടവറ പ്രേഷിത ദിനം

കെസിബിസി ജസ്റ്റീസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ ഭാഗമായ ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ സഭാമക്കളുടെ പങ്കിനെപ്പറ്റി പ്രതിപാദിക്കുന്ന സർക്കുലർ,

**കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

1887 മാർച്ച് 17-ന് പാരീസുകാരിയായ മരീ റെഗ്നോൾട്ട് അവളുടെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അവളുടെ കഴുത്ത് മുറിക്കപ്പെട്ടിരുന്നു. വാതിലിനടുത്ത് അവളുടെ വേലക്കാരിയായ അനീറ്റയുടെ മൃതദേഹം കിടന്നിരുന്നു. അവളുടെ കഴുത്തിനും മുറിവുണ്ടായിരുന്നു. അവളുടെ കിടക്കയിൽ വേലക്കാരിയുടെ മകൾ മരീയും മരിച്ചു കിടന്നിരുന്നു. ആഭരണങ്ങൾ മോഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ക്രൂരത കാണിച്ചതെന്ന് ന്യൂയോർക്ക് ടൈംസ് എന്ന പത്രം റിപ്പോർട്ട് ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ പോലീസ് കുറ്റവാളിയായ ഫ്രാൻസീനിയെ പിടികൂടി. അയാൾക്ക് മൂന്നു കൊലപാതകക്കുറ്റങ്ങൾക്കുള്ള വധശിക്ഷ വിധിക്കപ്പെട്ടു.

ഈ സംഭവം നടക്കുമ്പോൾ ലിസ്യുവിലെ കൊച്ചുത്രേസ്യയ്ക്ക് പതിനാലു വയസ്സേ ഉണ്ടായിരുന്നുള്ളൂ. എന്നാലും അതിൽ ഇടപെടാൻ താൻ നിർബന്ധിക്കപ്പെടുന്നതായി അവൾക്കു തോന്നി. "ഒരാത്മാവിന്റെ കഥ" എന്ന ആത്മകഥയിൽ അവൾ ഇതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഫ്രാൻസീനി മനസ്തപിക്കാതെ മരിക്കുമെന്ന് അവൾക്കു തോന്നി. അയാളെ നരകത്തിൽ വീഴാതെ എന്തു വിലകൊടുത്തും രക്ഷിക്കണമെന്ന് അവൾ ആഗ്രഹിച്ചു. ഫ്രാൻസീനിയെ രക്ഷിക്കാൻ വേണ്ടി നമ്മുടെ കർത്താവിന്റെ അനന്ത യോഗ്യതകൾ അവൾ ദൈവത്തിനു കാഴ്ചവച്ചു. വിശുദ്ധ കുർബാനകൾ കാഴ്ചവച്ചു, പരിത്യാഗങ്ങൾ അനുഷ്ഠിച്ചു. 1887 സെപ്റ്റംബർ 1-ാം തീയതി പത്രത്തിൽ ഇങ്ങനെ വായിച്ചു: ഫ്രാൻസീനിയുടെ തല വധയന്ത്രത്തിൽ വയ്ക്കാൻ തുടങ്ങിയപ്പോൾ അയാൾ തിരിഞ്ഞ് പുരോഹിതൻ നീട്ടിപ്പിടിച്ച ക്രൂശിത രൂപത്തിൽ പിടിച്ച് തിരുമുറിവുകളെ മൂന്നു പ്രാവശ്യം ചുംബിച്ചു. "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്ന





തിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും" (ലൂക്കാ 15,7) എന്ന് പ്രഖ്യാപിക്കുന്ന യേശുവിന്റെ കരുണാപൂർവകമായ വചനം കേട്ട് അയാൾ ലോകം വിട്ടുപോയി.

തടവുകാരെ നിത്യനാശത്തിൽ നിന്നു സ്വതന്ത്രരാക്കാൻ കത്തോലിക്കരായ നമുക്ക് വിശുദ്ധ കൊച്ചുത്രേസ്യയ്ക്കെന്നപോലെ വലിയ ഉത്തരവാദിത്വമുണ്ട്. തടവുകാരുടെ ദയനീയ സ്ഥിതിയെപ്പറ്റി നാം ചിന്തിച്ചിട്ടുണ്ടോ? അവരുടെ സഹനം? അപമാനം? പ്രതീക്ഷയില്ലായ്മ? നിസ്സഹായമനോഭാവം? മനുഷ്യത്വത്തിനു യോജിക്കാത്ത അവസ്ഥകൾ? അവരുടെ കുടുംബങ്ങൾ? ഇരകളാക്കപ്പെട്ടവരും അവരുടെ കുടുംബങ്ങളും? മിക്കപ്പോഴും തടവറകൾ തിങ്ങിഞെരുങ്ങിയതും വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്തതും അനാരോഗ്യപരവും സാമ്പത്തിക പരിമിതികളാൽ ശോചനീയവുമായി കാണപ്പെടാറുണ്ട്. നാം എന്നെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ? അവർക്ക് ഒരു എഴുത്തയച്ചിട്ടുണ്ടോ? അവരെ സന്ദർശിച്ചിട്ടുണ്ടോ? ഇത് കർത്താവു തന്നെ പറഞ്ഞതാണ്: "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചോ?" സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കാ സഭ തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായ വി. മാക്സ് മില്യൻ മരിയ കോൾബേയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുൻപ് വരുന്ന ഞായറാഴ്ച തടവുകാർക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. യേശുസാഹോദര്യ ശുശ്രൂഷാ ഞായർ എന്നാണ് അത് അറിയപ്പെടുന്നത്.

ക്രിമിനൽ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ICPR) റിപ്പോർട്ട് അനുസരിച്ച് 2018 സെപ്റ്റംബർ 30-ന് ലോകത്തിൽ ഒരു കോടി ഏഴു ലക്ഷത്തിനാല്പത്തിമൂവായിരത്തി അറുനൂറ്റി പത്തൊമ്പത് തടവുകാരുണ്ട്. ഇന്ത്യയിൽ നാലു ലക്ഷത്തി പത്തൊമ്പതിനായിരത്തി അറുനൂറ്റി ഇരുപത്തിമൂന്ന് സഹോദരങ്ങൾ തടവറകളിലുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ സന്ദർശിക്കാനും അവരുടെ മോചനത്തിനുവേണ്ടിയുള്ള നിയമാനുസൃതമായ പ്രക്രിയയിൽ സഹായിക്കാനും അവരുടെ ജീവിത നവീകരണം, പുനരധിവാസം, അവരുടെ കുടുംബങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കാനും നമുക്ക് കടമയുണ്ട്; എന്തെന്നാൽ തടവറക്കാർ നമ്മുടെ സഹോദരങ്ങളാണ്. ദൈവത്തിന്റെ

ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ (ഉത്1:27). കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗം ആളുകളും. അതു കുറെയൊക്കെ സാധൂകരിക്കാവുന്നതുമാണ്. കുറ്റങ്ങൾ കുറയ്ക്കാൻ അത് സഹായകരമാണെന്നു പൊതുവേ കരുതപ്പെടുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുവാൻ ഇടയാക്കുന്നു എന്ന് സമ്മതിക്കണം. ഈ സാഹചര്യത്തിൽ കുറ്റംചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണമെന്ന് തിരുസഭ സഭാമക്കളെ ഓർമ്മിപ്പിക്കുന്ന ദിനമാണിന്ന്.

യേശു പ്രത്യേകമായ വിധത്തിൽ തടവറക്കാരെയും വേശ്യകളെയും ചുങ്കം പിരിക്കുന്നവരെയും കുറ്റവാളികളെയും സ്നേഹിക്കുകയും അവരെ രക്ഷിക്കാൻ തന്റെ രക്തം ചിന്തുകയും ചെയ്തു. അവിടുന്നു പറഞ്ഞു: "ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" (മത്തായി 21:31). അവിടുന്ന് മത്തായിയുടെ ചുങ്കപ്പിരിവു കേന്ദ്രം സന്ദർശിക്കുകയും അദ്ദേഹത്തെ തന്റെ ശിഷ്യനാക്കുകയും ചെയ്തു. പാപികളുടെയും ചുങ്കക്കാരുടെയും കൂടെ ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ യേശു പറഞ്ഞു, താൻ നീതിമാന്മാരെ വിളിക്കാനല്ല പാപികളെ അനുതാപത്തിലേക്ക് വിളിക്കാനാണ് വന്നതെന്ന് (ലൂക്കാ 5:32). നസ്രത്തിലെ സിനഗോഗിൽ വച്ച് യേശു "ബന്ധനസ്ഥർക്ക് മോചനം പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" എന്നും (ലൂക്കാ 4:18), താൻ വിശക്കുന്നവരിലും ദാഹിക്കുന്നവരിലും വിജാതീയരിലും ദരിദ്രരിലും രോഗികളിലും ബന്ധനസ്ഥരിലും ജീവിക്കുന്നു എന്നും വെളിപ്പെടുത്തിയിരിക്കുന്നു (മത്തായി 25:31-46).

തടവറ ശുശ്രൂഷാ ഞായറാഴ്ചയുടെ 2019 -ലെ പ്രമേയം " ഭിത്തികൾ തടവറകൾ സൃഷ്ടിക്കുന്നില്ല" എന്നതാണ്. റിച്ചാർഡ് പോളിന്റെ 'തടവറയിൽനിന്ന് അൾത്താരയിലേക്ക്' (From Prison to the Altar) എന്നു പേരുള്ള കവിതയിൽ നിന്നാണ് ഈ ആപ്തവാക്യം എടുത്തിട്ടുള്ളത്. വെസ്റ്റ് മിനിസ്റ്റർ ആബിയുടെ അടുത്തുള്ള ഗെയ്റ്റ് ഹൗസ് പ്രിസൺ എന്ന ജയിലിൽ തടങ്കൽ വാസമനുഭവിക്കുമ്പോഴാണ് ഈ കവിത





അദ്ദേഹം എഴുതിയത്. കരിങ്കൽ ഭിത്തികളും ഇരുമ്പഴികളും സ്വതന്ത്രമായ ശാരീരിക ചലനത്തിൽ നിന്ന് വ്യക്തികളെ തടയുന്നു. പക്ഷേ, ഇനിയും സ്വതന്ത്രമായി സ്നേഹിക്കാൻ കഴിയുമെങ്കിൽ അവരുടെ ചിന്തകൾ സ്വതന്ത്രമായി പറക്കുന്നു. അപ്പോൾ അവർ ഹൃദയത്തിലും മനസ്സിലും ആത്മാവിലും സ്വതന്ത്രരാണ്. ജയിൽവാസം ഒരുവന്റെ ചിന്തകളെയും ഭാവനയെയും സ്വപ്നങ്ങളെയും കാഴ്ചകളെയും, ഉൾക്കാഴ്ചകളെയും പദ്ധതികളെയും തടയുന്നില്ല. നിങ്ങൾക്ക് മനസ്സിന്റെ ശരിയായ ചട്ടക്കൂടുണ്ടെങ്കിൽ, നിങ്ങളുടെ മനസ്സ് നിഷ്കളങ്കവും പ്രശാന്തവുമാണെങ്കിൽ മറ്റുള്ളവർ തടവറയായി കാണുന്നതിനെ അഭയകേന്ദ്രമായി, ആശ്രയമായി കാണാനാവും. അവിടെ പരിഷ്കാരങ്ങളും ജീവിതനവീകരണങ്ങളുമുണ്ടാകും. എന്തെന്നാൽ, ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1:37).

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2019 ജനുവരി 25-ന് പനാമയിലെ ലാസ് ഗർസാസ് ദെ പക്കോറാ എന്ന സ്ഥലത്ത് പ്രായപൂർത്തിയാവാത്തവരെ തടവിൽ പാർപ്പിക്കുന്ന കേന്ദ്രത്തിൽ നടത്തിയ അനുതാപ ലിറ്റർജിയിൽ പാപികളെയും കുറ്റക്കാരെയും അകറ്റിനിർത്താൻവേണ്ടി സമൂഹം അദൃശ്യഭിത്തികൾ നിർമ്മിക്കുന്നതിനെ അപലപിച്ചു. അദ്ദേഹം പ്രഭാഷണത്തിൽ ഇങ്ങനെ ആഹ്വാനം ചെയ്തു: "തിന്മയെ നന്മ കൊണ്ടും ദ്രോഹത്തെ ക്ഷമകൊണ്ടും കീഴടക്കാനും എല്ലാവരോടും സമാധാനത്തിൽ ജീവിക്കാനും വേണ്ടി ഭിത്തികൾ നിർമിക്കാതെ പാലങ്ങൾ നിർമ്മിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു." ലോകത്തിലെല്ലാം വധശിക്ഷ ഇല്ലാതാക്കാൻ ഫ്രാൻസിസ് പാപ്പാ പരിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തോട് ചേർന്നു നിൽക്കാം. കാരണം, വധശിക്ഷ മനുഷ്യത്വത്തെ ആക്രമിക്കലാണ്. ഇത്തരുണത്തിൽ ഭാരതത്തിൽ ഈ അടുത്തിടെ പാസ്സാക്കിയ വധശിക്ഷാനിയമം - കുഞ്ഞുങ്ങളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കുള്ള വധശിക്ഷാനിയമം - ഏറെ വേദനയോടെയാണ് കാണുന്നത്. കുഞ്ഞുങ്ങൾക്കും വെല്ലുവിളികൾ നേരിടുന്നവർക്കും എതിരേനടക്കുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾ തീർത്തും അപലനീയവും ഗൗരവമായ കുറ്റവും ആണ്. എന്നാൽ അതിന്റെ പേരിൽ കുറ്റക്കാരെ വധിക്കുന്ന നിയമം വീണ്ടും അപകടകരവും മനുഷ്യത്വഹീനവുമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് പരിപോഷിപ്പിക്കപ്പെടുകതന്നെ വേണം.

യേശുസാഹോദര്യകൂട്ടായ്മയുടെ അഥവാ തടവറ പ്രേഷിത കൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 33 വർഷങ്ങളായി കേരളത്തിലെ 55-ഓളം വരുന്ന ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസ്സുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിത ദർശനം പകർന്നു നൽകി നല്ല ചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുകയും ചെയ്യുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ജയിൽ മോചിതരായവരെയും അവരുടെ മക്കളെയും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 33 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽത്തന്നെ യേശുസാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. 2550-ൽ പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്.





500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 33 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ്സ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ്

ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ
**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

NB: 2019 ആഗസ്റ്റ് 11-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3208/K-5/KCBC/OL/DS

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2019
# ആഗസ്റ്റ് 18, ഞായർ
## കെസിബിസി SC/ST/BC കമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട
സഹോദരീസഹോദരന്മാരേ,

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച നീതി ഞായർ (ജസ്റ്റീസ് സൺഡേ) ആയി ആചരിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ തുല്യനീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവരോടുള്ള കത്തോലിക്കാസഭയുടെ ഐക്യദാർഢ്യം നവീകരിക്കുന്ന ദിവസമാണിത്. ഒരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടും ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിൽ ഉദാരമായി പങ്കുചേർന്നുകൊണ്ടും ഈ ദിനം കൂടുതൽ ഫലവത്താക്കാൻ നമുക്ക് പരിശ്രമിക്കാം.

തന്റെ നാമത്തെപ്രതി പീഡിപ്പിക്കപ്പെടുകയോ തരം താഴ്ത്തപ്പെടുകയോ ചെയ്യുന്നവരോട് യേശു പറഞ്ഞത് 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്നാണ്. ഈ വസ്തുത ഫ്രാൻസിസ് പാപ്പാ 'ആനന്ദിച്ച്





ആഹ്ലാദിക്കുവിൻ' എന്ന തന്റെ അപ്പസ്തോലികാഹ്വാനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു (നമ്പർ 1). നമ്മുടെ വിശ്വാസത്തെ പ്രതി ഈ ലോകത്തിൽ നമുക്കു നേരിടേണ്ടിവരുന്ന പ്രതികൂല അനുഭവങ്ങളുടെ മധ്യേ നമുക്കുണ്ടാകേണ്ട മനോഭാവം എന്തെന്ന് യേശുവിന്റെ ഈ വചനം നമ്മെ പഠിപ്പിക്കുന്നു. ലോകത്തുള്ള മറ്റെന്തിനെക്കാളും ഉപരിയായി ദൈവസ്നേഹത്തെ നാം വിലമതിക്കുകയാണെങ്കിൽ വിശുദ്ധ പൗലോസ് അപ്പസ്തോലനെപ്പോലെ നമുക്കും പറയാൻ കഴിയും: "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും?" (റോമ 8:35-39). സഹനങ്ങളുടെ മധ്യേയും യേശുവിന്റെ സ്നേഹം അനുഭവിച്ചുകൊണ്ട് ജീവിതത്തിൽ മുന്നേറുവാൻ നമുക്കു കഴിയും. യേശു അരുൾചെയ്തതുപോലെ 'ശത്രുക്കളെ സ്നേഹിക്കുകയും ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ചെയ്താൽ നമുക്കു സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരാം (മത്താ 5:43-48).

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വിവേചനത്തിനിരയായി വേദനയനുഭവിക്കുന്ന സഹോദരങ്ങളുടെ നേരെ കണ്ണുകളടയ്ക്കുവാൻ ഒരു ക്രിസ്തുവിശ്വാസിക്ക് കഴിയുകയില്ല. അവരുടെ സഹനങ്ങളിൽ പങ്കുചേരുകയും അവരുടെ ഉന്നമനത്തിനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യാൻ നമുക്കേവർക്കും കഴിയണം. പ്രത്യേകിച്ച്, അവരുടെ സഹനത്തിന്റെയും കഠിനാധ്വാനത്തിന്റെയും നല്ല ഫലങ്ങളനുഭവിക്കുന്നവർ അവരുടെ ക്ഷേമത്തിനായി സ്വയം ത്യാഗം ചെയ്യാനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും തയ്യാറാകണം.

സഭയ്ക്കുള്ളിൽ ജാതിവിവേചനത്തിന്റേതായ എല്ലാ സമീപനങ്ങളും പൂർണമായി ഒഴിവാക്കാനും സഭയിൽ പ്രത്യേക പരിഗണന നല്കി ദലിത് സഹോദരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ദലിത് ശക്തീകരണ നയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഭാസമൂഹം ഒന്നിച്ച് പരിശ്രമിക്കണം. കേരള കത്തോലിക്കാ മെത്രാൻ സമിതി, ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) എന്ന പ്രസ്ഥാനത്തിലൂടെയാണ് ദലിത് സഹോദരങ്ങളുടെ സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെല്ലാം ദലിത് ക്രൈസ്തവരുടെ പങ്കാളിത്തം വർധിക്കേണ്ടതുണ്ട്. ഭവനനിർമ്മാണം,

വിദ്യാഭ്യാസപ്രോത്സാഹനം, നേതൃത്വ പരിശീലനം, കരിയർ ഗൈഡൻസ്, സർക്കാരുമായുള്ള ബന്ധപ്പെടൽ തുടങ്ങിയ മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽക്കണ്ട് ദലിത് ക്രൈസ്തവ വിഷയങ്ങൾ ചർച്ച ചെയ്യുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ കോർപ്പറേഷനുമായി തുടർചർച്ചകൾ നടക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വിവിധ സന്ന്യസ്തസഭകളുടെയും ഭക്തസംഘടനകളുടെയും രൂപതകളുടെയും സഹായസഹകരണത്തോടെ ഭവനരഹിതരായ 300 ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 5,25,00,000 (അഞ്ചുകോടി ഇരുപത്തഞ്ചു ലക്ഷം) രൂപയും വിദ്യാഭ്യാസ സ്കോളർഷിപ്പായി കഴിഞ്ഞവർഷം 3,52,000 (മൂന്നു ലക്ഷത്തിഅൻപത്തിരണ്ടായിരം) രൂപയും ധനസഹായം നല്കിയിട്ടുണ്ട്. വരുംവർഷങ്ങളിൽ ഭവനനിർമ്മാണം, വിദ്യാഭ്യാസ സ്കോളർഷിപ്പ് കൂടാതെ Talent and Skill Development Programme ഉം കലാവൈഭവമുള്ളവർക്ക് പ്രത്യേക പരിശീലനപരിപാടികളും ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾക്ക് വലിയ സാമ്പത്തിക സഹായം ആവശ്യമാണ്. ആഗസ്റ്റ് 18-ാംതീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച പൂർണമായും കെസിബിസി SC/ST/BC കമ്മീഷന് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

N.B: 2019 ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.





## രൂപതക്കച്ചേരി

### *C. 61/2019* രൂപതാദിനാഘോഷം

2019 ജൂൺ മാസം 29-ാം തീയതി രൂപതാ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യാമറിയത്തിന്റെ വിമലഹൃദയ തിരുനാൾ ദിവസം കോതമംഗലം രൂപതയുടെ രൂപതാദിനാഘോഷം നടത്തി. മൈലക്കൊമ്പ് പള്ളിയിൽ ഉച്ചകഴിഞ്ഞ് 2.30-ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ ബഹു. ജനറാളച്ചന്മാരും രൂപതയിലെ വൈദികഗണം മുഴുവനും സഹകാർമ്മികരായിരുന്നു. രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും വിവിധ സംഘടനകളുടെ രൂപതാഭാരവാഹികളും എല്ലാ ഇടവകകളിൽ നിന്നുമുള്ള കൈക്കാരന്മാരും സന്യാസസമൂഹങ്ങളുടെ പ്രതിനിധികളുമാണ് ഈ രൂപതാദിനാഘോഷത്തിൽ പങ്കെടുത്തത്. തുടർന്ന് പാരീഷ് ഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ അദ്ധ്യക്ഷനായിരുന്നു. മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവ് രൂപതാദിന സന്ദേശം നൽകി. പ്രസ്തുത മീറ്റിംഗിൽ വിവിധ മേഖലകളിൽ സ്തുത്യർഹമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന റവ. ഫാ. തോമസ് മലേക്കുടി, ശ്രീ. സാധു ഇട്ടിയവിര, റവ. സി. ലിറ്റിൽ ഫ്ളവർ SH, ശ്രീമതി ആനി ഇളയിടം എന്നിവരെ പ്രത്യേകം ആദരിച്ചു. തുടർന്ന് മൈലക്കൊമ്പ് ഇടവകയിലെ CML അംഗങ്ങൾ മാർഗംകളി അവതരിപ്പിച്ചു. ശ്രീ. ഡീൻ കുര്യാക്കോസ് MP, റവ. ഫാ. പോൾ പാറക്കാട്ടേൽ CMI, റവ. സി. ക്രിസ്റ്റി അറയ്ക്കത്തോട്ടം SH, ശ്രീമതി മോളി ജോർജ് നെടുമ്പുറത്ത് എന്നിവർ ആശംസകളർപ്പിച്ചു. 6.00 pm-ന് യോഗം അവസാനിച്ചു.

രൂപതാദിനം സമുചിതമായി നടത്തുവാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് മൈലക്കൊമ്പ് ഇടവകയിലെ വികാരിയച്ചനും, കൊച്ചച്ചനും, നേതൃത്വം നൽകിയ എല്ലാവർക്കും, പങ്കെടുത്തവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

*Chancellor*

### *C. 62/2019* രൂപതാ പ്രാർത്ഥനാദിനം

ആഗസ്റ്റ് മാസത്തിലെ രൂപതാ പ്രാർത്ഥനാദിനം തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ ഫൊറോന പള്ളിയിൽ വച്ച് ആഗസ്റ്റ് 9-ാം തീയതി വെള്ളിയാഴ്ച നടത്തുന്നു. രാവിലെ 6.30-ന് വി. കുർബാനയോടുകൂടി ആരാധന ആരംഭിക്കുന്നതും വൈകിട്ട് 3.30 മുതൽ 4.30

വരെ പൊതു ആരാധനയോടെ അവസാനിക്കുന്നതുമാണ്. 4.30 pm-ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പണത്തോടെ പ്രാർത്ഥനാദിനം സമാപിക്കും.

*Protosyncellus*

*C. 63/2019* **സ്റ്റഡി ഫോറവും മാസധ്യാനവും**

രൂപതയിലെ മുഴുവൻ വൈദികർക്കുമായി സ്റ്റഡിഫോറവും മാസധ്യാനവും ആഗസ്റ്റ് മാസം 13-ാം തീയതി ചൊവ്വാഴ്ച 10.00 am മുതൽ 4.00 pm വരെ മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തപ്പെടുന്നു. ഏവരെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

*Protosyncellus*

*C. 64/2019* **വി. കുർബാനയുടെ അസാധാരണ ശുശ്രൂഷികൾക്കുള്ള പരിശീലനം**

വി. കുർബ്ബാന നൽകാൻ സഹായിക്കുന്നതിന് വി. കുർബ്ബാനയുടെ അസാധാരണ ശുശ്രൂഷികളായി നിയോഗിക്കപ്പെടുവാൻ യോഗ്യത നേടുന്നതിന് ബഹു. സിസ്റ്റേഴ്സിനായി രണ്ട് ദിവസത്തെ പരിശീലനപരിപാടി 2019 സെപ്തംബർ മാസം 13, 14 (വെള്ളി, ശനി) തീയതികളിൽ മൂവാറ്റുപുഴ NESTT -ൽ വച്ച് നടത്തുന്നു. വെള്ളിയാഴ്ച വൈകിട്ട് 5.30-ന് ആരംഭിച്ച് ശനിയാഴ്ച വൈകിട്ട് 4.00 മണിയോടെ അവസാനിക്കും. സെപ്തംബർ 1-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രമേ കോഴ്സിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. വി. കുർബ്ബാനയുടെ അസാധാരണ ശുശ്രൂഷികളായി രൂപതാദ്ധ്യക്ഷൻ നിയോഗിക്കണം എന്നതിനാൽ മറ്റ് രൂപതകളിൽ കോഴ്സിൽ പങ്കുചേർന്നവരും ഈ കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

*Syncellus*

*C. 65 /2019* **Young Priests' Seminar**

Annual seminar for the young priests of the Eparchy ordained after 31-01-2013 will be conducted on September 16-17, 2019 at NESTT, Muvattupuzha. The seminar begins on Monday at 9.30 am and comes to an end on Tuesday by 4.30 pm. All are expected to participate without fail.

*Protosyncellus*





*C. 66/2019* **രൂപത കാര്യാലയ തീരുമാനങ്ങൾ**

2019 ജൂൺ 11-ന് NESTT-ൽ വച്ച് കൂടിയ വൈദിക സമ്മേളനത്തിൽ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ രൂപതാ ആലോചനാസമിതിയുമായി ആലോചിച്ച് താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

1. ഇടവകവികാരിമാരുടെ അലവൻസ് ജൂലൈ മാസം മുതൽ 12,200/- ആയിരിക്കും.
2. വാഴപ്പിള്ളി ശാന്തിനിലയം പ്രീസ്റ്റ് ഹോമിനോടനുബന്ധിച്ച് പുതിയ മുറികൾ നിർമ്മിക്കുന്നതിനും പിന്നീട് മുതലക്കോടം സാൻജോ ഭവൻ പ്രീസ്റ്റ് ഹോമിൽ പണികൾ നടത്തുന്നതിനും തീരുമാനിച്ചു.
3. മൂന്ന് മാസത്തിലൊരിക്കൽ വൈദികരുടെ സ്റ്റഡിഫോറം നടത്തുന്നതാണ്.
4. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള ഇടവകകളെ സഹായിക്കുവാൻ സാമ്പത്തിക സുസ്ഥിതിയുള്ള ഇടവകകളെ ചുമതലപ്പെടുത്തുന്നതാണ്.
5. സെമിനാരി പരിശീലനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ മോൺ. ഫ്രാൻസിസ് കീരംപാറയച്ചനെ നിയോഗിച്ചിരിക്കുന്നു.
6. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട പരാതികൾ പരിഗണിക്കുന്നതിനായി രണ്ട് സമിതികൾ രൂപീകരിച്ചു.

**സമിതിഅംഗങ്ങൾ**

| | | |
|---|---|---|
| സ്കൂൾ തലം | 1) | മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ |
| | 2) | ഫാ. കുര്യാക്കോസ് കൊടകല്ലിൽ |
| | 3) | ശ്രീ. ജോർജ് കേളകം |
| കോളേജ് തലം | 1) | മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ |
| | 2) | ഫാ. വിൻസെന്റ് നെടുങ്ങാട്ട് |
| | 3) | പ്രൊഫ. ജോസ് കാരികുന്നേൽ |

7. രൂപതയിൽ കഴിഞ്ഞ ഒരു വർഷം നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കി വീടുകളിൽ എത്തിക്കുന്നതാണ്. ഇതിനാവശ്യമുള്ള വിവരശേഖരണത്തിനുള്ള ഫോം

എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും എത്തിച്ചിട്ടുള്ളത് കഴിയുന്നതുംവേഗം തിരിച്ചുതരേണ്ടതാകുന്നു.

*Chancellor*

## മൈനർ സെമിനാരി

*MS 20 /2019* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | George Peter Parnkimyalil, Anicadu | ₹ | 5,000 |
| 2 | Mr. Thomas Vengalil, Mailacombu | ₹ | 25,000 |
| 3 | Tyson Oliapuram, Velielchal | ₹ | 5,000 |
| 4 | Sibi Mathew Kochupaliyathil, Arakuzha | ₹ | 10,000 |
| 5 | Joy Varghese Madeckal, Muvattupuzha | ₹ | 16,000 |
| 6 | Antony George Oliapuram, Cathedral | ₹ | 20,000 |

*Rector*

## വിജ്ഞാനഭവൻ

*V. 74/2019* **വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ**

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ ജൂലൈ മാസം 13-ാം തീയതി, ശനിയാഴ്ച വാഴക്കുളം, വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. 1396 വിശ്വാസപരിശീലകർ പങ്കെടുത്തു. രാവിലെ നടന്ന സെമിനാറിന്റെ ഉദ്ഘാടനം രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് ഏഴുമായിൽ നിർവഹിച്ചു. ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ ക്ലാസ്സ് നയിച്ചു. തുടർന്ന് നടത്തിയ സമ്മേളനം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ വർഷം വിശ്വാസപരിശീലന രംഗത്ത് A Grade കരസ്ഥമാക്കിയ സൺഡേ സ്കൂളുകൾക്കുള്ള ട്രോഫികളും, നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ച PTA യ്ക്കുള്ള സമ്മാനവും പിതാവ് വിതരണം ചെയ്തു. രൂപതാ കൺവെൻഷനിൽ വന്നു പങ്കെടുത്ത എല്ലാ ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

*V. 75/2019* **രൂപതയിലെ മികച്ച സൺഡേ സ്കൂളുകൾ**

2018-2019 പ്രവർത്തന വർഷത്തിൽ രൂപതയിലെ A, B Grade-കൾ നേടിയ സൺഡേസ്കൂളുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.





### A Grade

| | | | |
|---|---|---|---|
| ആലക്കോട് | അഞ്ചിരി | ആനിക്കാട് | ആരക്കുഴ |
| കോതമംഗലം | ചാലാശ്ശേരി | ചെപ്പുകുളം | കദളിക്കാട് |
| കല്ലാനിക്കൽ | കാവക്കാട് | മൈലക്കൊമ്പ് | മാലിപ്പാറ |
| മാതിരപ്പിള്ളി | നാകപ്പുഴ | ഞാറക്കാട് | ഊന്നുകൽ |
| പൈങ്ങോട്ടൂർ | പന്നിമറ്റം | തൊടുപുഴ | തൊടുപുഴ ഈസ്റ്റ് |
| ഉടുമ്പന്നൂർ | വണ്ണപ്പുറം | വാഴക്കുളം | |

### B Grade

| | | | |
|---|---|---|---|
| അംബികാപുരം | അരിക്കുഴ | ആയവന | ചീനിക്കുഴി |
| ചിറ്റൂർ | ഏനാനല്ലൂർ | ഏഴല്ലൂർ | കലയന്താനി |
| കാളിയാർ | കലൂർ | കോടിക്കുളം | കൊടുവേലി |
| കോട്ടപ്പടി | കോഴിപ്പിള്ളി | കുളപ്പുറം | കുറുപ്പംപടി |
| കുട്ടമ്പുഴ | മലയിഞ്ചി | മാറാടി | മാറിക |
| മീങ്കുന്നം | മേക്കടമ്പ് | മുടവൂർ | മുണ്ടൻമുടി |
| മുതലക്കോടം | മൂവാറ്റുപുഴ | മൂവാറ്റുപുഴ ഈസ്റ്റ് | നാടുകാണി |
| നടുക്കര | നെടിയകാട് | നെടിയശാല | നെടുങ്ങപ്ര |
| നീണ്ടപാറ | നെല്ലിക്കുഴി | നെല്ലിമറ്റം | നേര്യമംഗലം |
| പള്ളിക്കാമുറി | പാറപ്പുഴ | പരിശക്കല്ല് | പഴമ്പിള്ളിച്ചാൽ |
| പെരുമണ്ണൂർ | പെരുമ്പള്ളിച്ചിറ | പെരുമ്പല്ലൂർ | പൂയംകുട്ടി |
| പോത്താനിക്കാട് | പുലിയൻപാറ | രാജഗിരി | രണ്ടാർ |
| തഴുവംകുന്ന് | തൊമ്മൻകുത്ത് | തൃക്കാരിയൂർ | വടകോട് |
| വടാട്ടുപാറ | വണ്ടമറ്റം | വാഴപ്പിള്ളിഈസ്റ്റ് | വെളിയേൽച്ചാൽ |
| വേട്ടാംപാറ | വെട്ടിമറ്റം | | |

*V. 76/2019* **2018-2019 -ലെ മികച്ച PTA കൾ**

ആലക്കോട്, ചെപ്പുകുളം, കലൂർ, പൈങ്ങോട്ടൂർ, തൊടുപുഴ

*V. 77/2019* **പ്രൈവറ്റ് രജിസ്ട്രേഷൻ**

XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ ആഗസ്റ്റ് 10-ാം തീയതി മൂവാറ്റുപുഴ NESTT -ൽ നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന കാര്യം ബഹു. ഹെഡ്മാസ്റ്റർമാർ കുട്ടികളെ മുൻകൂട്ടി അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI - 2019 ആഗസ്റ്റ് 10 ശനി
XII - 2019 ആഗസ്റ്റ് 10 ശനി
സ്ഥലം : NESTT, Muvattupuzha
സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

NB. രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്.

കോൺടാക്റ്റ് ക്ലാസ്സിൽ സംബന്ധിക്കാത്തവർ 5 ദിവസത്തെ ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കണം.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.21/2019* **യോഗ്യതാപരീക്ഷകൾ (SET, M.Ed., M.Phil., K.TET., C.TET)**

കോർപ്പറേറ്റിലെ അദ്ധ്യാപകർ യോഗ്യതാപരീക്ഷകൾ പാസ്സായതിന്റെ സർട്ടിഫിക്കറ്റുകൾ 2020 മാർച്ച് മാസത്തിന് മുമ്പ് നേടേണ്ടതും അതിന്റെ ഫോട്ടോകോപ്പി നമ്മുടെ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. 2020 ഏപ്രിൽ മാസത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പരീക്ഷയിലും ഇന്റർവ്യൂവിലും യോഗ്യതാപരീക്ഷ സർട്ടിഫിക്കറ്റുകൾ ഉള്ളവർക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ.

*Edn. 22/2019* **മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ (2019-20)**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷകൾ പൂരിപ്പിച്ച് 3 കോപ്പികൾ ആഗസ്റ്റ് 30-ന് മുമ്പ് രൂപത വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കുക. അപേക്ഷാഫോറങ്ങൾ വെബ്സൈറ്റിൽ നിന്നും എടുക്കാവുന്നതാണ്. ഇനി ഇക്കാര്യത്തിൽ Reminder ഉണ്ടായിരിക്കുന്നതല്ല.

*Edn. 23/2019* **Counselling**

കുട്ടികളുടെ കാര്യത്തിൽ അദ്ധ്യാപകർ വളരെ കരുതലുള്ളവരായിരിക്കണം. കുട്ടികളുടെ ഇടയിൽ പ്രശ്നങ്ങൾ ഏറി വരുന്നു. കൗൺസലിംഗ് സൗകര്യങ്ങൾ എല്ലാ സ്കൂളുകളിലും ചെയ്തുകൊടുക്കുകയും ഇതിന്റെ ചുമതല ഒരു അദ്ധ്യാപകനെ/ അദ്ധ്യാപികയെ ഏല്പിക്കുകയും ചെയ്യുക.





*Edn. 24 /2019* **Catechism/ Moral Science**

Catechism/Moral Science ഒന്നാം ടേം പരീക്ഷ, ഓണപരീക്ഷ തീരുന്നതിന്റെ പിറ്റേദിവസം താഴെ കൊടുത്തിരിക്കുന്ന ടൈംടേബിൾ അനുസരിച്ച് നടത്തുവാൻ ശ്രദ്ധിക്കുക. Question Papers എത്തിക്കുന്ന ദിവസത്തെക്കുറിച്ച് പിന്നീട് അറിയിപ്പ് നൽകുന്നതാണ്.

Time Table

| | | | | | | |
|---|---|---|---|---|---|---|
| FN | Std I | Std III | Std V | Std VII | Std IX | HSE I |
| AN | Std II | Std IV | Std VI | Std VIII | Std X | HSE II |

*Secretary*

## തിരുബാലസഖ്യം

*HC. 7/2019* **രൂപതാ കലോത്സവം**

ഈ വർഷത്തെ തിരുബാലസഖ്യം കലാമത്സരങ്ങൾ ആഗസ്റ്റ് 10-ാം തീയതി 9.30 മുതൽ മൂന്ന് റീജിയണുകളിലായി നടത്തപ്പെടുന്നു. ഇതിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 20-ന് ആരംഭിച്ചു. ആഗസ്റ്റ് 6-ാം തീയതി വരെയാണ് ഈ സൗകര്യം ലഭ്യമാകുക. ആനിമേറ്റേഴ്സ് ഈ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മത്സരങ്ങളുടെ വിശദാംശങ്ങൾ മാർഗരേഖയിൽ നൽകിയിട്ടുണ്ട്.

മൂവാറ്റുപുഴ - നിർമ്മല HSS
കോതമംഗലം - സെന്റ് അഗസ്റ്റിൻസ് GHSS
തൊടുപുഴ - ന്യൂമാൻ കോളേജ്

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 50/2019* **രൂപതാ സാഹിത്യ മത്സരം**

പ്രവർത്തനവർഷത്തെ രൂപതാതല സാഹിത്യമത്സരം 2019 ജൂലൈ 31-ന് 8 മേഖല കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. സബ് ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ എന്നീ വിഭാഗങ്ങളിലായി കഥ, കവിത, ഉപന്യാസം എന്നീ ഇനങ്ങളിലാണ് മത്സരം നടന്നത്. പങ്കാളിത്തം കൊണ്ടും പ്രോത്സാഹനം കൊണ്ടും സഹകരിച്ച ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി. സാഹിത്യമത്സരം നടത്താൻ എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ മേഖലാ ഡയറക്ടർ,

അസി. ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരോടും മേഖലാ ഭാരവാഹികളോടും ഹൃദയപൂർവ്വമായ നന്ദി അറിയിക്കുന്നു.

*CML 51/2019* **രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

രൂപതാതല ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ആഗസ്റ്റ് 3-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തുന്നതാണ്.

*CML 52/2019* **അംഗത്വ സ്വീകരണം**

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ അംഗത്വ സ്വീകരണം ജൂലൈ 3-ാം തീയതി എല്ലാ ഇടവകകളിലും നടത്തപ്പെട്ടു. സഹകരിച്ച എല്ലാ അച്ചന്മാർക്കും ആനിമേറ്റേഴ്സിനും നന്ദി.

*CML 53/2019* **GEMS**

7-ാം ക്ലാസ്സിലെ കുട്ടികളുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി ചെറുപുഷ്പ മിഷൻ ലീഗ് അണിയിച്ചൊരുക്കുന്ന GEMS-ന്റെ ആദ്യഘട്ടത്തിലെ aptitude ടെസ്റ്റ് എല്ലാ ഇടവകകളിലും നടത്തപ്പെട്ടു. ഈ പ്രാരംഭപരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ Interview ആഗസ്റ്റ് 3-ാം തീയതി 9.30 മുതൽ മൂവാറ്റുപുഴ നെസ്റ്റിൽ നടത്തപ്പെടുന്നതുമാണ്. കുട്ടികളെ പറഞ്ഞയയ്ക്കാൻ ആനിമേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

*CML 54/2019* **RP മീറ്റ്**

മിഷൻലീഗ് സംഘടനയിൽ നിന്ന് വളർന്നുവരുന്ന വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ എടുക്കാൻ യോഗ്യരായ കുട്ടികളെ സജ്ജരാക്കുന്നതിനായി നടത്തപ്പെടുന്ന റിസോഴ്സ് പേഴ്സൺ മീറ്റ് ജൂലൈ 19, 20 ദിവസങ്ങളിലായി മൂവാറ്റുപുഴ NESTT -ൽ വച്ച് നടത്തപ്പെട്ടു.

*CML 55/2019* **കുഞ്ഞേട്ടൻ അനുസ്മരണം**

മിഷൻലീഗ് സംഘടനയുടെ സ്ഥാപകനായ കുഞ്ഞേട്ടന്റെ അനുസ്മരണം ആഗസ്റ്റ് 10-ാം തീയതി ചെമ്മലത്ത് വച്ച് നടത്തപ്പെടുന്നതാണ്.

*CML 56/2019* **മേഖലാ കലാമത്സരം**

മേഖലാ കലാമത്സരങ്ങളുടെ Online registration ആഗസ്റ്റ് 30-ാം തീയതി ആരംഭിക്കുന്നതായിരിക്കും. Online registration നടത്തിയവർക്കു മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.

*Director*





## കെ.സി.എസ്.എൽ.

*KCSL 29/2019* **ഇൻറർ സ്കൂൾ ബൈബിൾ ക്വിസ് പ്രിലിമിനറി റൗണ്ട് മത്സരം**

